# നിങ്ങൾ കേട്ടിട്ടുണ്ടോ എന്നെക്കുറിച്ച് ?

### ഞാൻ വ്യത്യസ്തനായൊരു ബോംബെക്കാരൻ

1952-ൽ ബോംബെയിൽ കണ്ടുപിടിക്കപ്പെട്ട ബോംബെ ഗ്രൂപ്പായ എനിക്ക്, എന്റെ ഗ്രൂപ്പിൽപ്പെട്ടവരിൽ നിന്നു മാത്രമേ രക്തം സ്വീകരിക്കുവാനും കൊടുക്കുവാനും സാധിക്കുകയുള്ളൂ. ഇന്ത്യയിൽ പതിനേഴായിരത്തിൽ ഒരാളിൽ മാത്രമേ ഞാനുള്ളൂ.

### ഞാൻ Zer'O' ആണെങ്കിലും Her'O'-അല്ലേ !

യൂണിവേഴ്സൽ ദാതാവായ O ഗ്രൂപ്പ് എന്ന എന്നെ ആർക്കുവേണമെങ്കിലും സ്വീകരിക്കാമെങ്കിലും എനിക്ക് എന്നെ മാത്രമേ സ്വീകരിക്കാൻ കഴി

### ഞാൻ ഏവരേയും സ്വാഗതം ചെയ്യും

യൂണിവേഴ്സൽ സ്വീകർത്താവായ AB ഗ്രൂപ്പ് എന്ന ഞാൻ എണ്ണത്തിൽ കുറവാണെങ്കിലും ഏതു ഗ്രൂപ്പിൽപ്പെട്ട രക്തവും സ്വീകരിക്കും. എന്നിരുന്നാലും ഞാനൊരു യൂണിവേഴ്സൽ പ്ലാസ്മ ഡോണറും കൂടിയാണ്.

## നിനക്കീ... ചുവന്ന നൈവേദ്യം

Pinky Baby
Microbiologist

ജനനതീരവും മരണതീരവും
ഒരുനാൾ ഒന്നിച്ചു ലയിച്ചു നിന്നീടവേ
ജീവനേകും രക്തം ദാനമായേകി നീ
എൻ സ്വപ്നങ്ങൾക്ക് ചിറകുകളേകി.
നിൻ സിരകളിൽ നിന്നിറ്റിറ്റുവീണ
നിണകണങ്ങളാൽ
ജീവനാളങ്ങളുടലെടുത്ത
ഹൃദയങ്ങളാൽ
പ്രകാശിതമാവട്ടെ നിൻ
ജീവിതമിനിയും
ജൻമാന്തരസുകൃതമല്ലോ
നിന്റെയീ നൈവേദ്യം.

### രക്തഗ്രൂപ്പുകൾ സ്വീകരിക്കേണ്ടത് ഇങ്ങനെ













### സുവർണ്ണ ജൂബിലി വർഷത്തിലെ ചുവന്ന് പൊൻതൂവലുകൾ

- രക്തബാങ്കിൽ നിന്ന് രോഗികൾക്ക് നൽകിയ രക്തത്തിന്റെ അളവ് 2048 ലിറ്റർ
- ദാതാവിൽ നിന്ന് ശേഖരിച്ച രക്തത്തിന്റെ അളവ് 2085 ലിറ്റർ
- എറണാകുളം ജില്ലയിൽ പലയിടങ്ങളിലായി നടത്തിയ സന്നദ്ധ രക്തദാന ക്യാമ്പുകൾ **50**
- എറണാകുളം ജില്ലയിൽ പലയിടങ്ങളിലായി നടത്തിയ ബോധവത്കരണ ക്ലാസുകൾ **10**
- ലബോറട്ടറിയിൽ നടന്ന ടെസ്റ്റുകളുടെ എണ്ണം **1410910**






LOURDES HOSPITAL
www.lourdeshospital.in

# LOURDES PULSE

4 pages
Book 4 Vol 5
October 2015

A Bulletin of Lourdes Hospital

SCANNING


- ജന്മദിന സമ്മാനം
  Page 2
- ഒക്ടോബർ ഒന്ന്
  ദേശീയ സന്നദ്ധരക്തദാന ദിനം
  Page 2
- മഴവില്ലിന്റെ ഓരോ
  നിറങ്ങളുള്ള ഓരോ
  ഇടങ്ങളുണ്ടിവിടെ
  Page 3 & 4
- നിനക്കീ ചുവന്ന നൈവേദ്യം
  Page 3
- സുവർണ്ണ ജൂബിലി
  വർഷത്തിലെ ചുവന്ന
  പൊൻതൂവലുകൾ
  Page 4


“നിങ്ങളുടെ രക്തം ദാനം ചെയ്യൂ... മറ്റൊരാളുടെ പ്രതീക്ഷകൾക്ക് ജീവനേകൂ...”

HEATRT BEATS

## രക്തം
## ഹൃദയത്തിൽ നിന്നുള്ള സമ്മാനം

Sr.Jotsna Karuvelil

കാലത്തിനുപോലും മായ്ക്കുവാൻ പറ്റാത്ത ഒരു മിഴിവോടെ സുവർണ്ണ ജൂബിലിയുടെ നിറവിൽ നിൽക്കുന്ന ലൂർദ് ആശുപത്രിയുടെ ഡയറിക്കുറിപ്പിൽ, ആശുപത്രിയിലെ 'ബ്ലഡ് ബാങ്ക്' ഒരു മുഹൂർത്തം എഴുതിച്ചേർത്തിട്ടുണ്ട്. ജീവിതത്തിലേയ്ക്ക് രക്തത്തുള്ളികൾ കൊണ്ട് തിരിച്ചു വന്ന ശക്തിധരന്റെ കഥ. ജീവിതത്തിനും മരണത്തിനുമിടയിൽ പോരാടി തളർന്ന ഒരു സായുധ ഭടനെപ്പോലെയാണ് അയാൾ ലൂർദിന്റെ മുറ്റത്ത് എത്തിയത്. ഓപ്പറേഷൻ ചെയ്താൽ പോലും രക്ഷപ്പെടാൻ അഞ്ച് ശതമാനം മാത്രം സാധ്യത ഉള്ള, ആന്തരിക രക്തസ്രാവത്തിനും മരണത്തിനും വരെ കാരണമായേക്കാവുന്ന 'അന്യൂറിസം' എന്ന രോഗം തന്നെ മുറുകെ പുണർന്നപ്പോൾ നിസ്സഹായകനായി നോക്കിനിൽക്കുവാൻ മാത്രമേ ശക്തിധരനു കഴിഞ്ഞുള്ളൂ. ഈ കഴിഞ്ഞ ദുഃഖവെള്ളി ദിനത്തിലാണ് അയാളെ അന്യൂറിസം റിപ്പയറിനായി തിയറ്ററിലേയ്ക്ക് മാറ്റിയത്. ജീവൻ നിലനിർത്തുന്നതിനുവേണ്ടിയുള്ള ഡോക്ടർമാരുടെ നിരന്തര പോരാട്ടത്തിൽ ഏറ്റവും നിർണ്ണായകമായി വന്നത് ഏകദേശം 52 കുപ്പി രക്തമായിരുന്നു. ലൂർദിലെ ബ്ലഡ് ബാങ്ക്' കൈകൾക്കോർത്ത് ഉണർന്നെഴുന്നേറ്റ ഒരു മുഹൂർത്തമായിരുന്നു അത്. ഓരോരുത്തരുടേയും കണ്ണുകളിലും ചുവടുകളിലുമൊക്കെ ഒരു ജീവൻ തിരിച്ചുപിടിക്കുന്നതിനു വേണ്ടിയുള്ള ആവേശവും ആവേഗവും ഉണ്ടായിരുന്നു. സുവർണ്ണ ജൂബിലിയുടെ ഭാഗമായുള്ള രക്തദാനക്യാമ്പുകളുടെ ഫലമായി, ശക്തിധരനു ആവശ്യമായി വന്ന കുറെയേറെ രക്തം ബ്ലഡ് ബാങ്കിൽ ശേഖരിച്ചുവച്ചവയിൽ നിന്നു തന്നെ കൊടുക്കുവാൻ സാധിച്ചു. പിന്നീട് വീണ്ടും രക്തം ആവശ്യമായി വന്നപ്പോൾ, വിറങ്ങലിച്ചു പോയ ആ നിമിഷത്തെ ഉയർത്തെഴുന്നേൽപ്പിച്ചത് ലൂർദിലെ തന്നെ ഏതാനും സ്റ്റാഫുമാരുടെയും, സ്ഥിരമായി ബ്ലഡ്ബാങ്കിൽ വരാറുള്ള സന്നദ്ധരക്തദാതാക്കളുടെയും ആർദ്രത നിറഞ്ഞ ഹൃദയങ്ങളിൽ നിന്ന് ഒഴുകിയെത്തിയ രക്തത്തുള്ളികളായിരുന്നു. അങ്ങനെ രക്തവും രക്തഘടകങ്ങളുമൊക്കെയായി 52 കുപ്പി രക്തം അയാൾക്ക് കൊടുക്കുവാൻ കഴിഞ്ഞപ്പോൾ ജീവന്റെ മിടിപ്പുകളിലേയ്ക്ക് പതിയെ പതിയെ അയാൾ തിരികെ വരുകയായിരുന്നു. ദുഃഖവെള്ളിയിൽ നടത്തിയ രക്തദാനം ദുഃഖങ്ങളൊക്കെയും അകറ്റി, ഉയർപ്പിന്റെ സന്തോഷത്തിലേയ്ക്ക്, ഒരു രണ്ടാം ജൻമത്തിലേയ്ക്ക്, ആ മനുഷ്യനെ കൂട്ടിക്കൊണ്ടു വന്നപ്പോൾ രക്തദാനത്തിന്റെ മഹനീയത ആ കുടുംബവും, കൂടെ സുവർണ്ണജൂബിലിയുടെ നിറവിൽ നിൽക്കുന്ന ഈ ആശുപത്രിയും തിരിച്ചറിയുകയായിരുന്നു. രക്തം ജീവനിദാനമാണ്. ജീവൻ ദൈവത്തിന്റെ ദാനവും. ആകയാൽ രക്തദാനം ജീവദാനം തന്നെ. അസാധാരണമായ രോഗങ്ങളും യുദ്ധ രംഗങ്ങളിലുള്ള രക്തച്ചൊരിച്ചിലും റോഡപകടങ്ങളുമെല്ലാം രക്തത്തിന്റെ ആവശ്യകത ഇന്ന് അത്യന്തം വർദ്ധിപ്പിക്കുന്നു. ഔദ്യോഗിക കണക്ക് പ്രകാരം ഓരോ വർഷവും ശരാശരി 8.5 മില്യൺ യൂണിറ്റ് രക്തം ഇന്ത്യയിൽ ആവശ്യമായി വരുന്നു. എന്നാൽ രക്തദാതാക്കളിൽ നിന്നും ലഭിക്കുന്നത് കേവലം 5 മില്യൺ യൂണിറ്റ് രക്തം മാത്രം.

Continues.../ 2 Page





STETHOSCOPE

ഫാ.സാബു നെടുന്നിലത്ത്
ഡയറക്ടർ

# ജന്മദിന സമ്മാനം

"രക്തദാഹത്തിനെതിരെ രക്തദാനം" എന്ന മുദ്രാവാക്യവുമായി കേരളത്തിലെ യുവജനപ്രസ്ഥാനങ്ങൾ അടുത്തിടെ സംഘടിപ്പിച്ചു.

നിഷ്കളങ്കരക്തം ചിന്തി ലോകമനസാക്ഷിയെ ഞെട്ടിച്ച കഴുത്തറപ്പൻ ഭീകരതയുടെ ഭ്രാന്തിനെ മാതൃകാപരമായ പ്രവൃത്തിയിലൂടെ യുവത ക്രിയാത്മകമായി പ്രതികരിച്ചു. ജീവൻ അമൂല്യമാണെന്നും ജീവന്റെ സംരക്ഷകരായി നാം വർത്തിക്കണ മെന്നുമുള്ള സുന്ദരമായ ആവിഷ്ക്കാ രമായിരുന്നു അ്.വിശുദ്ധ ബൈബിൾ പറയുന്നു എല്ലാ ജീവികളുടെയും ജീവൻ അവയുടെ രക്തത്തിലാണെന്ന് (ലേവ്യർ 7:14) ജീവദായകമായ സൽകർമ്മത്തിൽ പങ്കുചേരാനുള്ള ക്ഷണമാണ് ദേശീയ രക്തദാദിനം ജനമനസുകൾക്കുമുന്നിൽ വയ്ക്കുന്നത്. ഭാരതത്തിൽ ത്രിപുരയെന്ന സംസ്ഥാനത്തിലെ തൊണ്ണൂറ്റിമൂന്നു ശതമാനം ജനങ്ങളും രക്തദാനത്തിനു സന്നദ്ധരാവുന്നു എന്നാണ് കണക്ക്. തമിഴ്നാട്, ബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥനങ്ങൾ രക്തദാനത്തിൽ ദേശീയതലത്തിൽ മുൻപന്തിയിൽ നില്ക്കുന്നു. അഭ്യസ്ഥവിദ്യയിലും ആരോഗ്യസൂചികയിലും കേരളമാതൃക സമ്മാനിച്ച മലയാളി സമൂഹത്തിന് രക്തദാനമെന്ന സൽക്രിയയിലും പ്രഥമസ്ഥാനീയരാകാൻ സന്മനസുണ്ടാ യാൽ മാത്രം മതി. സ്വന്തക്കാർക്കു മാത്രം ആവശ്യംവരുമ്പോൾ രക്തദാനം നടത്തുന്ന പതിവിൽ നിന്നും വസുധൈവകുടുംബകം എന്ന വിശ്വസാഹോദര്യത്തിന്റെ ചൈതന്യ മാണ് നാം ഉൾക്കൊള്ളേണ്ടത്. ഇന്നത്തെ രക്തദാതാവ് നാളെ സ്വീകർത്താവാകില്ലെന്ന് ആരുകണ്ടു!. സ്വന്തം ജന്മദിന ത്തിന്റെ സമ്മാനമായി, ജീവൻ ലഭിച്ചതിന്റെ കൃതജ്ഞതയായി വർഷത്തിൽ ഒരിക്കലെങ്കിലും ഞാൻ രക്തം ദാനം ചെയ്യും എന്നൊരു പരിജ്ഞ ജീവിതത്തെ പ്രകാശപൂർണ്ണമാക്കും. തീർച്ച!!


Page 1 / Continues...

115 കോടിയോളം ജനങ്ങൾ പാർക്കുന്ന നമ്മുടെ രാജ്യത്തിന്റെ സ്ഥിതയാണിത്. ഒരു വ്യക്തിയിൽ ശരാശരി 5 മുതൽ 6 ലിറ്റർ രക്തം വരെ ഉണ്ടാകും. ഇതിൽ 1 കിലോഗ്രാമിന് 50 മി.ലി എന്ന തോതി ലുള്ള രക്തമേ ദൈനംദിന പ്രവർത്തന ങ്ങൾക്ക് വേണ്ടി വരുന്നുള്ളൂ. ബാക്കി വരുന്ന രക്തം ശരീരത്തിൽ അധിക മായി സൂക്ഷിച്ചിരിക്കുന്നു. ഓരോ വ്യ ക്തിയും രക്തദാനം നടത്തുമ്പോൾ ഇതിൽ നിന്നും കേവലം 450 മി.ലി മാത്രമാണ് നല്കുന്നത്. രക്തദാനം രക്തദാതാവിന് ഹാനികരമല്ല. ശരീരത്തിൽ നിന്നും നഷ്ടമാകുന്ന രക്തം 24 മണിക്കൂറിനുള്ളിൽ തന്നെ വീണ്ടും ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ദാതാവ് എപ്പോഴും മാനസികവും ശാരീരികവുമായി പൂർണ്ണ ആരോഗ്യവാ നായിരിക്കണം. 18 നും 60 നും മദ്ധ്യേ പ്രായമുള്ളവരും, 50 കിലോയിൽ കുറ യാത്തവരെയുമാണ് ദാതാവായി പരിഗ ണിക്കുന്നത്. ദാതാവിന് മൂന്നു മാസ ത്തിൽ ഒരിക്കൽ മാത്രമേ രക്തം ദാനം ചെയ്യാനാവൂ.

രക്തം ദാനം ചെയ്യുന്നതുവഴി ഓരോ രക്തദാതാവും HIV, HBSAG, HCV, VDRL, MP തുടങ്ങിയ പരിശോധനകൾക്ക് വിധേയ പ്പെടുകയും തുടർന്നുള്ള ചികിത്സയ്ക്ക് ഉപകാരപ്രദമാകു. ദാതാക്കളിൽ നിന്നും ശേഖരിക്കുന്ന ഓരോ യൂണിറ്റ് രക്തവും എല്ലാവിധത്തിലുള്ള പരിശോധനകളും ചെയ്ത് സുരക്ഷിതമാണ് എന്നു റപ്പുവരുത്തിയതിനുശേഷമാണ് രക്തം ആവശ്യമുള്ള വ്യക്തിക്ക് നൽകുന്നത്. രക്ത ദാനത്തെക്കുറിച്ച് നിലനിൽക്കുന്ന തെറ്റുദാരണകളും പേടിയുമാണ് പല രേയും ഈ മഹനീയ കർമ്മത്തിൽ നിന്നും പിൻവലിക്കുന്നത്. രക്ത ദാന ത്തിനുശേഷം ദാതാവ് കുറച്ച് സമയ ത്തേയ്ക്ക് കഠിനാദ്ധ്വാനം ഒഴിവാക്കി യാൽ മതി, പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവ രക്തദാനത്തിന് മുൻപും പിൻപും ഉള്ള ദിവസങ്ങളിൽ ഒഴിവാക്കണം. രക്ത ദാനത്തിനുശേഷം ദാതാവ് എപ്പോഴും കൂടുതൽ പാനീയങ്ങൾ കുടിക്കണം. ഏതെങ്കിലും തരത്തിലുള്ള അസ്വസ്ഥ കൾ ഉണ്ടായാൽ രക്തബാങ്കുമായി ബന്ധപ്പെടുകയും വേണം...

യേശു പറഞ്ഞു ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്. (യോഹ 10:10). നമുക്ക് സമൃദ്ധിയായി കിട്ടിയിരിക്കുന്ന രക്തത്തിന്റെ പങ്ക് മറ്റു ള്ളവരുമായി പങ്കുവയ്ക്കുമ്പോൾ നമ്മുടെ ജീവൻ തന്നെയാണ് നാം പങ്കുവയ്ക്കുന്നത്

## Just 3 teaspoons of blood can save life of a premature baby



Dr. Susanna P.C.
Blood Bank Medical Officer

# ഒക്ടോബർ ഒന്ന് ദേശീയ സന്നദ്ധരക്തദാന ദിനം

രക്തദാനത്തിന്റ മഹത്വവും പ്രാധാ ന്യവും മറ്റുള്ളവരെ ഉദ്ബോധിപ്പിക്കുന്ന തിനായി എല്ലാ വർഷവും ഒക്ടോബർ 1ന് ദേശീയ രക്തദാനദിനമായി ആഘോഷിച്ചു വരുന്നു. 1975ൽ ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂ ഷന്റെയും ഇമ്മ്യൂണോ ഹെമറ്റോളജിയു ടെയും ആഭിമുഖ്യത്തിലാണിത് ആരം ഭിച്ചത്.

### *പ്രധാന ഉദ്ദേശ്യങ്ങൾ*

1. ദേശീയ തലത്തിൽ വ്യക്തികൾക്ക് സന്നദ്ധ രക്തദാനത്തിന്റെ മഹത്വം മന സ്സിലാക്കി അത്യാവശ്യ ഘട്ടങ്ങളെ നേരിടാനുള്ള രക്തം ദാതാവിൽ നിന്ന് ലഭ്യമാക്കുകയും അവ രക്തബാങ്കിൽ സംഭരിച്ചു വയ്ക്കുകയും ചെയ്യുക.

2. സ്വന്തം ബന്ധുകൾക്കും കൂട്ടു കാർക്കും മാത്രം രക്തദാനം ചെയ്യുന്ന വരെ മറ്റുള്ളവർക്കുകൂടി ദാനം ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

3. സന്നദ്ധ രക്തദാനം 100 % ആയി ഉയർത്തുക.

4. ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ബോധവത്ക്കരണ ക്ലാസ്സുകൾ നട ത്തുകയും ചെയ്യുക.


അനുദിനം ആയിരക്കണക്കിനു ജീവി തങ്ങൾ തിരിച്ചുകിട്ടുന്നത് അജ്ഞാത രായ മനുഷ്യ സ്നേഹികളുടെ വിശാല മനസ്ഥിതികൊണ്ടാണ്. അതുകൊണ്ട് രക്തദാനം ചെയ്യുന്നതിനായുള്ള പ്രചോദനം നല്കിയും, സ്ഥിരമായുള്ള രക്തദാതാക്കളെ പ്രോത്സാഹിപ്പിക്കു ന്നതിനായി ഓണം, ക്രിസ്തുമസ്സ്, ജന്മ ദിനം തുടങ്ങിയ വിശേഷദിവസങ്ങളിൽ ആശംസങ്ങൾ അറിയിച്ചും, 'രക്ത ത്തിന്റെ അഭാവം മൂലം ഒരു ജീവൻ പോലും പൊലിയരുത് ' എന്നുള്ള ദൃഢ പ്രതിജ്ഞയെടുത്തുകൊണ്ട് നമുക്ക് കൈകൾ കോർത്ത് ഉണർന്നെഴുന്നേൽക്കാം

# മഴവില്ലിന്റെ ഓരോ നിറങ്ങളുള്ള ഓരോ ഇടങ്ങളുണ്ടിവിടെ...



## 1. ക്ലിനിക്കൽ പാതോളജി

ശരീരത്തിലെ രക്താണുക്കളുടെ എണ്ണവും രൂപഘടനയും വിശകലനം ചെയ്യുന്നതും, മൂത്രാശയ സംബന്ധമായ അസുഖങ്ങൾ നിർണ്ണയിക്കുന്ന ടെസ്റ്റുകൾ ചെയ്യുന്നതും ഈ വിഭാഗത്തിലാണ്. ഇതിനായി ...SYSMEX, BECKMAN COULTER- F-¶o 5-Part cell counter-lfpw, Roller -20 ESR Machine, ഫുൾ ഓട്ടോമാറ്റിക് യൂറിൻ അനലൈസർ ABA -1600 മുതലായ മെഷീനുകളാണ് ഇവിടെ ഉപയോഗിക്കുന്നത്.





## 2. രക്തബാങ്ക്

NACO (National Aids Control Organization) അംഗീകാരമുള്ള അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രക്തബാങ്കാണ് നമ്മുടേത്. ഇവിടെ ഓട്ടോമാറ്റിക് കംപോണന്റ് സെപ്പറേറ്റർ, ശീതികരിക്കപ്പെട്ട സെൻട്രിഫ്യൂജ്, എന്നീ മെഷിനുകളുടെ സഹായത്തോടെ രക്തഘടകങ്ങളായ ല്യൂക്കോറെഡ്യൂസ്ഡ് ആർ.ബി.സി., പ്ലാസ്മ, പ്ലേറ്റ്ലെറ്റ്, ക്രയോപ്രസിപ്പിറ്റേറ്റ്, മുതലായവ വേർതിരിച്ച് രോഗികൾക്ക് ലഭ്യമാക്കുന്നു.

## 3. സിറോളജി

രക്തത്തിലൂടെ പകരുന്ന മാരകമായ രോഗാണുക്കളെ കണ്ടുപിടിക്കുന്ന വിഭാഗമാണ് സിറോളജി. HIV, HBsAg, HCV എന്നീ ടെസ്റ്റുകൾ ഫുൾ ഓട്ടോമാറ്റിക് Vitros ECi, EVOLIS TWIN PLUS എലിസ പ്രൊസസ്സർ എന്നീ മെഷീനുകളുടെ സഹായത്തോടെയാണ് ഇവിടെ ചെയ്യുന്നത്. ഇതുകൂടാതെ എലിപ്പനി, ഡങ്കിപ്പനി, മലിനജലത്തിലൂടെ പകരുന്ന മഞ്ഞപ്പിത്തം, പലതരം വിറ്റാമിനുകളുടെ അളവ്, വാതസംബന്ധമായ ടെസ്റ്റുകൾ എന്നിവയും ഇവിടെ ചെയ്യുന്നുണ്ട്.

## 4. സൈറ്റോപതോളജി

ഒരു ചെറിയ സൂചിയിലൂടെ ശരീരത്തിലെ മുഴകളുടെ സ്വഭാവം നിർണ്ണയിച്ച് മുൻപോട്ടുള്ള ചികിത്സാ വിധികൾക്ക് വഴികാട്ടാൻ സൈറ്റോപതോളജി വിഭാഗം നിർണ്ണായക പങ്കു വഹിക്കുന്നു. ലിക്യുഡ് ബേയ്സ്ഡ് സൈറ്റോളജി (ഘആഇ) ടെക്നിക് അടക്കം നൂതനമായ പരിശോധനാ സംവിധാനങ്ങളാൽ ഈ വിഭാഗം സജ്ജമാണ്.







## 5. ബയോകെമിസ്ട്രി

രക്തത്തിലെ പഞ്ചസാരയുടെയും കൊഴുപ്പിന്റെയും അളവും, കിഡ്നി, കരൾ, തൈറോയിഡ്, ഹൃദയ സംബന്ധമായ ടെസ്റ്റുകൾ എന്നിവ ചെയ്യുന്നതിന് രണ്ട് ഫുൾ ഓട്ടോമാറ്റിക് മെഷീനുകളായ Cobas 6000, Toshiba -എന്നിവയും ഹൃദയസ്തംഭനത്തിനുള്ള ടെസ്റ്റുകൾ, ക്യാൻസർ സംബന്ധമായ ടെസ്റ്റുകൾ എന്നിവ നടത്തുന്നതിനായി Vidas, രക്തത്തിലെ ഗ്യാസ് അനാലിസിസ് ചെയ്യുന്നതിനായി GEM Premier, ധാതുലവണങ്ങളുടെ അളവ് അറിയുന്നതിനായി Starlite, I lite എന്നിവയും കൊയാഗുലേഷൻ (രക്തം കട്ടപിടിക്കൽ) സംബന്ധമായ ടെസ്റ്റുകൾ നടത്തുന്നതിനായി Destiny Plus -എന്നീ മെഷീനുകളും ഇവിടെ ഉപയോഗിക്കുന്നു.

## 6. മൈക്രോബയോളജി

മനുഷ്യശരീരത്തിൽ വിവിധതരം രോഗങ്ങളുണ്ടാക്കുന്ന സൂക്ഷ്മരോഗാണുക്കളെ (ബാക്ടീരിയ , ഫംഗസ്) കണ്ടുപിടിക്കുകയും, അതിനെ നശിപ്പിക്കുവാൻ ആവശ്യമുള്ള നിരവധി ആന്റിബയോട്ടിക്കുകളുടെ കൃത്യമായ അളവും(MIC) നിർണ്ണയിക്കുന്ന വിഭാഗമാണ് മൈക്രോബയോളജി. ഇതിനുവേണ്ടി അത്യാധുനിക രീതിയിലുള്ള മെഷീനുകളായ 'Vitek 2 compact, 'Bact Alert 3D' -എന്നിവയാണ് ഇവിടെ ഉപയോഗിക്കുന്നത്. ക്ഷയരോഗ നിർണ്ണയത്തിനും നിർമ്മാർജ്ജനത്തിനുമായി 2007 മുതൽ മൈക്രോബയോളജി വിഭാഗം RNTCP (Revised National Tuberculosis Control Programme) യുമായും 2010 മുതൽ ഇഒഅക (Catholic Health Association of India)-യുമായും സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.

## 7. ഹിസ്റ്റോപതോളജി

ഇന്നിന്റെ മഹാവിപത്തായ ക്യാൻസർ രോഗത്തിന്റെ നിർണ്ണയവും അതിന്റെ തീവ്രതയും അളക്കുന്ന ബയോപ്സി പരിശോധനകൾ കൂടാതെ അത്യാധുനിക ചികിത്സാ സമ്പ്രദായത്തിലെ പ്രധാന പങ്കു വഹിക്കുന്ന ഇമ്മ്യൂണോ ഹിസ്റ്റോ കെമിസ്ട്രിയും ഇവിടെ ലഭ്യമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ പരിശോധനഫലങ്ങൾ എത്രയും പെട്ടെന്ന് ചികിത്സകന്റെ കൈകളിൽ എത്തിച്ച് മുന്നോട്ടുള്ള പരിശോധനകൾക്ക് തുറന്ന ചർച്ചയിലൂടെ മാർഗ്ഗനിർദ്ദേശം നല്കാനും ഈ വിഭാഗത്തിലെ ഡോക്ടർമാരും, സ്റ്റാഫുമാരും പ്രതിജ്ഞാബദ്ധരാണ്.